## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1202 30.09.2016-ലെ മറുപടിക്ക്

## തലസ്ഥാനത്തെ കിഴക്കേക്കോട്ട ബസ് സ്റ്റാന്റ്

ചോദ്യം
ശ്രീ. സി. മമ്മൂട്ടി

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തലസ്ഥാനത്തെ കിഴക്കേക്കോട്ട ബസ് സ്റ്റാന്റ് നിർമ്മാണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കോട്ടയോടു ചേർന്നുള്ള പുറമ്പോക്ക് ഭൂമി കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം 13.08.2004-ലെ സ.ഉ. (കൈ) നം. 263/2004/ആർ.ഡി പ്രകാരമാണ് ലഭിച്ചത്. ആയത് അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത സ്ഥലം അനധികൃതമായി കൈവശം വച്ചിട്ടുള്ളവർക്ക് ഒഴിഞ്ഞുപോകാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | അനധികൃതമായി ഭൂമി കൈയ്യേറിയവർക്ക് ഒഴിഞ്ഞു പോകുവാനുള്ള നോട്ടീസ് നിയമപരമായി നൽകേണ്ടത് റവന്യൂ അധികാരികളാണ്. ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് അനുബന്ധം III ആയി ചേർക്കുന്നു. |
| (ഡി) | മതിയായ സ്ഥലലഭ്യത ഉറപ്പുവരുത്തി ശാസ്ത്രീയ രീതിയിൽ ബസ് സ്റ്റാന്റ് നിർമ്മിക്കാത്തതുമൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഈ ഭാഗത്തുണ്ടായ അപകടങ്ങളിൽ നിരവധി മനുഷ്യ ജീവനുകൾ നഷ്ടപ്പെടാനിടയാക്കിയ സാഹചര്യവും അതിന് ഉത്തരവാദിക ളായ വരെയും കണ്ടെത്തുന്നതിന് സമഗ്രമായ അന്വേഷണം നടത്തുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്